(Pages : 5) **ME 310**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2024

## MALAYALAM

First Language - Paper II

Time : 1½ Hours Total Score : 40

**നിർദ്ദേശങ്ങൾ** :

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ച് മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം, എന്നിവ പരിഗണിക്കണം

**Score**

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക** **4x1=4**

1. "കൊതിയസമാജം" എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത് ?
   * കൊതിയുടെ സമാജം
   * കൊതിയരുടെ സമാജം
   * സമാജത്തിന്റെ കൊതി
   * കൊതിയും സമാജവും

2. "തയ്യൽക്കാരൻ ചാക്കുണ്ണി സ്വയംതെറ്റി അളന്ന ഉടുപ്പുകളിൽ കയറിക്കൂടിയിരിക്കുന്നതു പോലെ അയാൾക്കു തോന്നി".
   സ്വയംതെറ്റി അളന്ന ഉടുപ്പുകൾ എന്ന പ്രയോഗത്തിന്റെ അർഥസൂചന കണ്ടെത്തുക ?
   * ചാക്കുണ്ണിയുടെ തെറ്റായ പ്രവൃത്തികൾ
   * ചാക്കുണ്ണിയുടെ ജീവിതത്തിലുണ്ടായ പ്രശ്നങ്ങൾ
   * ചാക്കുണ്ണി അളവുതെറ്റി നിർമ്മിക്കുന്ന ഉടുപ്പുകൾ
   * റേഡിയോയോട് ചാക്കുണ്ണിക്കുള്ള സ്നേഹം

3. ചുവടെ നൽകിയിരിക്കുന്നവയിൽ ഉചിതമായ പദച്ചേരുവ ഏത് ?
   * സമയം, ആയി - സമയം മായി
   * ചാഞ്ഞു, കിടന്നു - ചാഞ്ഞുക്കിടന്നു
   * പോകുക, ഇല്ല - പോകുകയില്ല
   * കന്നി, നെല്ല് - കന്നിന്നെല്ല്

P.T.O.

36-12-24

Score

4. "രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത് ? നെല്ലു കൂലി കിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത്"?

ഈ വാക്യങ്ങളിൽ പ്രകടമാകുന്ന കോരന്റെ മനോഭാവം കണ്ടെത്തുക ?

* പ്രതിഷേധം
* കുറ്റബോധം
* ഭയം
* സന്തോഷം

5. "എന്നിട്ടും കാര്യം അവസാനിച്ചില്ല.

ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചു വിട്ടു."

ഈ സന്ദർഭത്തിലൂടെ സൂചിതമാകുന്നതെന്ത് ?

* കുട്ടികൾ തമ്മിലുള്ള പിണക്കം
* രണ്ട് കുടുംബങ്ങൾ തമ്മിലുള്ള കലഹം
* അന്നമ്മയും മത്തായിയും തമ്മിലുള്ള വഴക്ക്
* കോഴികൾ തമ്മിലുള്ള കലഹം

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** 2x2=4

6. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.

   • അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു.
   ആ കാഴ്ച നോക്കി നിന്നും ചിരുത ആനന്ദിച്ചു

7. "ആരു തേടും ? നാളെ നമ്മുടെ കുട്ടികൾ-

ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ ?"

(അമ്മയുടെ എഴുത്തുകൾ)

കവി ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ? രണ്ടു നിരീക്ഷണങ്ങൾ എഴുതുക.

8. "കരവിരലോടെ, ദീപക്കുറ്റികൾ

നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ"

മുക്കുറ്റിപ്പൂക്കളെ ദീപക്കുറ്റികളോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നതിന്റെ ഔചിത്യം കണ്ടെത്തി എഴുതുക ?

Score
5x4=20

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം)**

9. "വിൽക്കാനുള്ളതല്ല, ആളുകൾക്ക് ഒന്നും രണ്ടും പെറുക്കിത്തിന്നാനുള്ളതാണ് എന്റെ മാങ്ങ എന്നായിരുന്നു കൊച്ചുചക്കരച്ചിയുടെ നില."

പങ്കു വയ്ക്കലിന്റെ പാഠങ്ങൾ പകർന്നു തരുന്ന കൊച്ചുചക്കരച്ചിയുടെ നിലപാട് ഈ കാലഘട്ടത്തിൽ എത്രത്തോളം പ്രസക്തമാണ് ? നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

10. • "ഒരു വിളിക്കുവേണ്ടി എന്നും കാതോർക്കുന്ന അമ്മ, ഇപ്പോൾ അതില്ലാതായതോടു കൂടി പൊടുന്നനെ വാർധക്യത്തിന്റെ നിസ്സഹായതയിലേക്ക് അമ്മ വഴുതി വീണതുപോലെ"
   • "അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും മൗനത്തിലേക്ക് ഇറങ്ങിപ്പോവുന്നു."

(ഓരോ വിളിയും കാത്ത്)

അച്ഛന്റെ മരണത്തെ തുടർന്നുള്ള അമ്മയുടെ ഒറ്റപ്പെടൽ ആവിഷ്കരിക്കാൻ ഈ പ്രയോഗങ്ങൾ എത്രത്തോളം അനുയോജ്യമാണ് ? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

11. "ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥനെന്നും ഈ ഋഷിവര്യനെ വിശേഷിപ്പിക്കാം"

ശ്രീനാരായണ ഗുരുവിനെക്കുറിച്ചുള്ള കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ഈ നിരീക്ഷണം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക .

12. "പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ-
രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവും ത-
ന്നാവതു വേഗമയയ്ക്കാൻ നോക്കാം
ഇവരറിയുന്നീലെന്നഭിമാനം."

(ഓണമുറ്റത്ത്)

പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു പാട്ട്, പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ എന്നീ പ്രയോഗങ്ങളുടെ അർഥസാധ്യതകൾ കണ്ടെത്തി സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക ?

Score

13. "ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു. സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതുപോലെ അയാൾക്കു തോന്നി."

(പണയം)

റേഡിയോയും ചാക്കുണ്ണിയും തമ്മിലുള്ള സവിശേഷമായ ബന്ധത്തെ അടയാളപ്പെടുത്താൻ ഈ സന്ദർഭത്തിന് എത്രത്തോളം കഴിയുന്നുണ്ട് ? വിലയിരുത്തി നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

14. "പത്രങ്ങൾ സൂര്യനു ചുവടെയും മേലെയുമുള്ള എല്ലാറ്റിനെയും പറ്റി വൃത്താന്തങ്ങൾ തരുന്നു വെന്നു മാത്രമല്ല, അവയെ വിമർശിക്കുകയും ചെയ്യുന്നു. പക്ഷേ, അത്രത്തോളം പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല."

പത്രങ്ങൾ അത്രത്തോളം വിമർശിക്കപ്പെടാത്തതിന് കാരണം എന്തായിരിക്കും ? കുറ്റിപ്പുഴയുടെ ഈ നിരീക്ഷണത്തോടുള്ള പ്രതികരണം കുറിക്കുക ?

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. [ഒരുപുറം]** **2x6=12**

15. • "അതിലൊരു പൂവന്റെ ഉപദ്രവം സഹിക്കാഞ്ഞു മർക്കോസിന്റെ മകൻ ഒരു കല്ലെടുത്തൊരേറു കൊടുത്തു. കോഴി ചത്തു. മത്തായിയുടെ വീട്ടുകാരതിനെ വേവിച്ചു തിന്നു."

• "അങ്ങനെ മുകളിൽ നിന്നു കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു."

• "മകനെ മൂടുമറക്കരുത്. അന്നു ഞാനീ നാട്ടിലെ കേമന്മാരോടൊക്കെ കെഞ്ചിയിട്ട് ഒരു മാടം വെച്ചു കെടക്കാനാരും സമ്മതിച്ചില്ല."

(കോഴിയും കിഴവിയും)

സൂചനകളും പാഠഭാഗവും പരിഗണിച്ച് 'സ്നേഹമുള്ള അയൽപക്കങ്ങളാണ് നമ്മയുടെ ഇരിപ്പിടങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക ?

16. "വൃദ്ധയായ അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുന്ന മകനെയാണ് അമ്മത്തൊട്ടിൽ എന്ന കവിതയിൽ നമുക്ക് കാണാൻ കഴിയുന്നത്. ആധുനികകാലം വൃദ്ധരെയും അവശരെയും അവഗണിക്കുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ ?"

പ്രസ്താവനയും കവിതയും പരിഗണിച്ച് 'വാർധക്യവും സമൂഹത്തിന്റെ മനോഭാവവും' എന്ന വിഷയത്തിൽ ലഘു പ്രഭാഷണം തയ്യാറാക്കുക ?

17. • "നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ
ബിംബമീയാതിഥ്യ ശാലയിൽ ശോഭനം"

• "തായ്ച്ചൊല്ലിലൂറിയ
താളങ്ങളെങ്ങനെ ?
താരാട്ടിലോലുന്ന
മാധുര്യമെങ്ങനെ ?
താൻതന്നെ വന്നു
പിറന്നതുമെങ്ങനെ ?"

(അമ്മയുടെ എഴുത്തുകൾ)

സൂചനകൾ, പാഠഭാഗത്തിന്റെ ആശയം, സമകാലിക പ്രസക്തി എന്നിവ പരിഗണിച്ച് 'മാതൃഭാഷ നേരിടുന്ന വെല്ലു വിളികൾ' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക ?

-oOo-